**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4376** **01-07-2024 - ൽ മറുപടിയ്ക്ക്**

**വിവിധ നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളിലേതടക്കമുള്ളവയിൽ നിന്നും എത്ര കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തിക വർഷം 31.03.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ആയതിൽ, റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. ഇതിൽ 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | ഇക്കാര്യത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഇവ ഏതൊക്കെ നികുതി നിയമപ്രകാരമുള്ളവയാണെന്നു അറിയിക്കാമോ; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്താകെ 54870 കുടിശ്ശിക അടയ്ക്കാനുള്ള കേസുകൾ ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് കുടിശ്ശിക. 2023-24 സാമ്പത്തിക വർഷം 31.03.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. ഇതിൽ 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. |
| (സി) | റവന്യൂ റിക്കവറി നടപടികളിൽ കിടക്കുന്ന കേസുകൾ എത്ര; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ച് | (സി) | റവന്യൂ റിക്കവറി, സ്റ്റേ, മറ്റുനടപടികൾ എന്നിവയിൽ ഉൾപ്പെട്ട 54870 കേസുകൾ ഉണ്ട്. ആയതിന്റെ ജില്ലാ തിരിച്ചുള്ള എണ്ണം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |

| | | | |
|---|---|---|---|
| | കേസുകളുടെ എണ്ണം നൽകാമോ; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ എന്നറിയിക്കാമോ; | | റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് ഈ കുടിശ്ശിക. |
| (ഡി) | റവന്യൂ റിക്കവറി കേസുകളിൽ എത്രയെണ്ണം തുക ഈടാക്കുന്നതിനായി റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ; ഈ ഇനത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ; ഈ ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ഇതിൽ സ്റ്റേയില്ലുള്ളതും അല്ലാത്തതും വേർതിരിച്ച് ലഭ്യമാക്കാമോ? | (ഡി) | റവന്യൂ റിക്കവറിയിൽ ഉൾപ്പെട്ട തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു. ഈ തുകയിൽ ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള റവന്യൂ റിക്കവറിയും റവന്യൂ വകുപ്പിന് കീഴിലുള്ള റവന്യൂ റിക്കവറിയും ഉൾപ്പെടുന്നു.<br><br>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് റവന്യൂ റിക്കവറിയായ 6885.02കോടി രൂപ. ടി തുകയിൽ സ്റ്റേ ഉൾപ്പെടുന്നില്ല.<br><br>എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ.ആർ) രൂപീകരിച്ച് വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിച്ച് എടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

| ജില്ല | കുടിശ്ശിക 31-03-2024 വരെ (കോടി രൂപ) | സ്റ്റേ (കോടി രൂപ) | റവന്യൂ റിക്കവറി (കോടി രൂപ) | മറ്റു നടപടികൾ (കോടി രൂപ) |
|---|---|---|---|---|
| തിരുവനന്തപുരം | 1910.79 | 758.46 | 1149.58 | 2.75 |
| കൊല്ലം | 1166.99 | 102.73 | 973.54 | 90.72 |
| പത്തനംതിട്ട | 1379.02 | 1335.47 | 33.02 | 10.53 |
| ആലപ്പുഴ | 194.82 | 27.40 | 72.18 | 95.24 |
| കോട്ടയം | 575.62 | 206.73 | 209.14 | 159.75 |
| ഇടുക്കി | 250.48 | 153.65 | 55.62 | 41.21 |
| എറണാകുളം | 3341.83 | 731.49 | 2610.18 | 0.16 |
| ആലപ്പുഴ | 978.43 | 197.10 | 486.83 | 294.50 |
| തൃശ്ശൂർ | 1877.47 | 1112.13 | 129.60 | 635.74 |
| പാലക്കാട് | 1028.93 | 281.82 | 731.36 | 15.75 |
| മലപ്പുറം | 216.30 | 27.06 | 123.41 | 65.83 |
| കോഴിക്കോട് | 338.84 | 135.59 | 146.25 | 57.00 |
| വയനാട് | 94.37 | 0.08 | 16.03 | 78.26 |
| കണ്ണൂർ | 100.73 | 32.11 | 53.58 | 15.04 |
| കാസർഗോഡ് | 104.83 | 4.37 | 94.70 | 5.76 |
| **ആകെ** | **13559.45** | **5106.19** | **6885.02** | **1568.24** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-2**

| ജില്ല | കുടിശ്ശിക അടയ്ക്കാനുള്ള കേസുകൾ |
|---|---|
| തിരുവനന്തപുരം | 9021 |
| കൊല്ലം | 4597 |
| പത്തനംതിട്ട | 634 |
| ആലപ്പുഴ | 2540 |
| കോട്ടയം | 2223 |
| ഇടുക്കി | 1692 |
| എറണാകുളം | 11987 |
| ആലപ്പുഴ | 6086 |
| തൃശ്ശൂർ | 2499 |
| പാലക്കാട് | 4305 |
| മലപ്പുറം | 1629 |
| കോഴിക്കോട് | 5096 |
| വയനാട് | 752 |
| കണ്ണൂർ | 1291 |
| കാസർഗോഡ് | 518 |
| **ആകെ** | **54870** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-3

| ജില്ല | റവന്യൂ റിക്കവറി (കോടി രൂപ) |
|---|---|
| തിരുവനന്തപുരം | 1149.58 |
| കൊല്ലം | 973.54 |
| പത്തനംതിട്ട | 33.02 |
| ആലപ്പുഴ | 72.18 |
| കോട്ടയം | 209.14 |
| ഇടുക്കി | 55.62 |
| എറണാകുളം | 2610.18 |
| ആലപ്പുഴ | 486.83 |
| തൃശ്ശൂർ | 129.60 |
| പാലക്കാട് | 731.36 |
| മലപ്പുറം | 123.41 |
| കോഴിക്കോട് | 146.25 |
| വയനാട് | 16.03 |
| കണ്ണൂർ | 53.58 |
| കാസർഗോഡ് | 94.70 |
| **ആകെ** | **6885.02** |

**സെക്ഷൻ ഓഫീസർ**